**പത്രക്കുറിപ്പ്**

**7-3-2017**

**അന്താരാഷ്ട്ര വനിതാ ദിനം:**
**നൂതന ആശയങ്ങൾ ആവിഷ്കരിച്ച വനിതാ സംരംഭകർക്ക്**
**കുടുംബശ്രീയുടെ ആദരം**

തിരുവനന്തപുരം: കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ സംയുക്തമായി അന്താരാഷ്ട്ര വനിതാ ദിനാചരണവും വനിതാരത്ന പുരസ്കാരവും സംഘടിപ്പിക്കുന്നു. 2017 മാർച്ച് എട്ടിന് രാവിലെ 11ന് മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും പുരസ്കാര വിതരണവും നിർവഹിക്കും. ആരോഗ്യ-സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ അധ്യക്ഷത വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ മുഖ്യപ്രഭാഷണം നടത്തും.

കുടുംബശ്രീ അംഗങ്ങൾ തയ്യാറാക്കിയ യാത്രാ വിവരണം 'നമുക്ക് കേരളം കാണാം' പുസ്തക പ്രകാശനം, കൂടാതെ തൃശൂർ ജില്ലയിലെ പോർക്കുളത്ത് വിവാഹ രജിസ്ട്രേഷൻ നടത്തുന്ന കുടുംബശ്രീ മാട്രിമോണി സർവീസ്, കെട്ടിട നിർമാണ മേഖലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയലിലെ എട്ടു പേരടങ്ങുന്ന വിമൻ കൺസ്ട്രക്ഷൻ ടീം, തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ തിരുമാറാടി പഞ്ചായത്തിലെ ലീലാമ്മ ജോണി, തങ്കമ്മ ശശി എന്നിവർ ചേർന്നു നടത്തുന്ന ഉജ്വല കുടുംബശ്രീ അനിമൽ ബർത്ത് കൺട്രോൾ യൂണിറ്റ്, തിരുവനന്തപുരം ജില്ലയിൽ കരകുളത്ത് അഞ്ചു വനിതകൾ ചേർന്നു നടത്തുന്ന കുടുംബശ്രീ മെഡിക്കൽ ലാബ്, കാസർകോട് ജില്ലയിലെ ചെമ്മനാട് പഞ്ചായത്തിൽ പതിമൂന്ന് കുടുംബശ്രീ വനിതകൾ ചേർന്നു നടത്തുന്ന സ്വാതി ഓഫ്സെറ്റ് പ്രിന്റേഴ്സ്, സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങളെ സംബന്ധിച്ച സന്ദേശങ്ങൾ താഴേതട്ടിൽ എത്തിക്കുന്നതിനുള്ള രംഗശ്രീ കമ്യൂണിറ്റി തിയേറ്റർ തുടങ്ങി നൂതനവും വ്യത്യസ്തവുമായ സംരംഭങ്ങൾ ഏറ്റെടുത്ത് വിജയിപ്പിച്ച ആറു മികച്ച സംരംഭക യൂണിറ്റുകൾക്കുള്ള പ്രശംസാപത്ര വിതരണവും ഇതോടൊപ്പം നടത്തും.

വൈകിട്ട് നാലര മുതൽ എട്ടുമണി വരെ മ്യൂസിയം ഗ്രൗണ്ടിൽ വിവിധ കുടുംബശ്രീയുടെ നേതൃത്വത്തിൽ വിമൻസ് കോളേജിലെ കുട്ടികൾ അവതരിപ്പിക്കുന്ന ഡാൻഡ്, കൂടാതെ വഞ്ചിപ്പാട്ട്, വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിലെ ആദിവാസികൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ, തെയ്യം, രംഗശ്രീ അവതരിപ്പിക്കുന്ന നാടകം എന്നിവയും അരങ്ങേറും. ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ, എം.എൽ.എമാരായ കെ.മുരളീധരൻ, എം.മുകേഷ്, കൂടാതെ ടി.എൻ.സീമ, മൃദുൽ ഈപ്പൻ, ശോഭ കോശി, എം.ആർ.ജയഗീത, ജോബി, ഡോ.മീനു ഹരിഹരൻ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ